LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ വിതരണം ചെയ്യാറുള്ളൂ. ജലസ്രോതസ്സുകൾ മലിനമാക്കുന്നത് പ്രധാനമായും ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത്, അഴുക്കുചാലുകൾ, ഓടകൾ എന്നിവ ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്നത്, നഗരവത്ക്കരണത്തിന്റെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്നിവമൂലമാണ്. ഇവ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നഗരപ്രദേശങ്ങളിൽ, ജലാശയങ്ങളിലേക്ക് നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുന്ന പ്രവൃത്തി സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും നിർമ്മിച്ചുവരുന്നു.

മുനയം റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

166 (855) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 21.75 കോടി രൂപ അനുവദിച്ചതിനെ തുടർന്നുള്ള പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(ബി) സിംഗിൾ ലെയിൻ സ്ഥിരം ബണ്ട് നിർമ്മാണത്തിന്ന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം വിശദീകരിക്കുമോ;

(സി) സ്ഥിരം ബണ്ട് നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം RCB-യുടെ നിർമ്മാണത്തിനായി G.O.(Rt)No. 1066/13/WRD നമ്പർ ഉത്തരവുപ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി ഇരട്ടവരിപ്പാതയോടെയുള്ള റഗുലേറ്റർ (7 മീറ്റർ വീതി) നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാവുകയും സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.